## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5763** **25.05.2017-ലെ മറുപടിക്ക്**

### പങ്കാളിത്ത പെൻഷൻ പദ്ധതി

| | **ചോദ്യം**<br>**ശ്രീ. കെ.വി. വിജയദാസ്** | **ഉത്തരം**<br>**ഡോ. തോമസ് ഐസക്**<br>**ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി** |
|---|---|---|
| (എ) | പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ ഭാഗമായി ജീവനക്കാരിൽ നിന്നും സമാഹരിക്കുന്ന വിഹിതവും മാച്ചിങ് ഗ്രാന്റും ഇപ്പോൾ ഏതെല്ലാം മേഖലകളിലാണ് നിക്ഷേപിക്കപ്പെടുന്നത് ; ഈ അക്കൗണ്ടിൽ നിലവിൽ എത്ര രൂപയുടെ നിക്ഷേപമുണ്ട് ; വിശദവിവരം നൽകുമോ ; | 06.02.2014 ലെ സർക്കുലർ നമ്പർ 07/14/ധന ഖണ്ഡിക V അനുസരിച്ച് പി.എഫ്.ആർ.ഡി.എ. നിർദ്ദേശപ്രകാരം ട്രസ്റ്റി ബാങ്കായ ആക്സിസ് ബാങ്ക് മുഖേന പെൻഷൻ ഫണ്ട് മാനേജർമാരായ എസ്.ബി.ഐ. പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.റ്റി.ഐ. റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി. പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നിവയിലാണ് ജീവനക്കാരിൽ നിന്നും സമാഹരിക്കുന്ന വിഹിതവും മാച്ചിങ് ഗ്രാന്റും നിക്ഷേപിക്കുന്നത്.<br>ദേശീയ പെൻഷൻ പദ്ധതിയുടെ സെൻട്രൽ റിക്കോർഡ്സ് കീപ്പിംഗ് ഏജൻസിയായ നാഷണൽ സെക്യൂരിറ്റീസ് ഡിപ്പോസിറ്ററി ലിമിറ്റഡിന്റെ പ്രതിമാസ റിപ്പോർട്ട് പ്രകാരം 2017 മാർച്ച് 31 വരെ പ്രസ്തുത പദ്ധതിയിൽ ജീവനക്കാരുടെ വിഹിതവും (215.665 കോടി രൂപ) സർക്കാർ വിഹിതവും (215.665 കോടി രൂപ) കൂടിച്ചേർത്ത് ആകെ 431.33 കോടി രൂപ നിക്ഷേപിച്ചിട്ടുണ്ട്. |
| (ബി) | ഈ തുക കേരളത്തിന്റെ ട്രഷറികളിൽ നിക്ഷേപിക്കുന്നതിന് എന്തെങ്കിലും നിയമതടസ്സമുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ? | ഗവൺമെന്റ് ഓഫ് ഇന്ത്യ പരാമർശിച്ചിട്ടില്ലാത്ത മറ്റൊരു ഏജൻസിയിലും എൻ.പി.എസ്. വിഹിതം അടവാക്കാൻ നിലവിൽ വ്യവസ്ഥയില്ല. 1956 -ലെ SCRA [Securities Contracts (Regulation) Act 1956] പ്രകാരം ട്രഷറിയിൽ സെക്യൂരിറ്റി ഫണ്ട് തുടങ്ങാനും വ്യവസ്ഥയില്ല. ആയതിനാൽ ദേശീയ പെൻഷൻ പദ്ധതിയിലെ ഫണ്ട് മാനേജരായി ട്രഷറിയെ ഉൾപ്പെടുത്താൻ നിലവിൽ സാധിക്കില്ല. |

സെക്ഷൻ ഓഫീസർ